(ബി) ഇതിനുള്ള സംവിധാനം ഏതെല്ലാം കേന്ദ്രങ്ങൾ ആസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത ബോട്ടുകൾ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു ചീഫ് ഗാർഡും മൂന്ന് ഇൻസ്പെക്ടർ ഓഫ് ഗാർഡും ആറ് സബ് ഇൻസ്പെക്ടർ ഓഫ് ഗാർഡും 11 ഹെഡ് ഗാർഡും 39 ഗാർഡുകളുമുള്ള പോലീസ് വിഭാഗം ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിരന്തരം കടലിൽ റോന്തു ചുറ്റുന്നുണ്ട്. മത്സ്യബന്ധനത്തിനു പുറപ്പെടുന്ന തുറകളിൽ ജില്ലാ അധികാരികളുടെ സഹായത്തോടെ നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നുണ്ട്.

(ബി) വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനം നടത്തുന്നത്. പൊന്നാനി, കാസർകോട് എന്നീ കേന്ദ്രങ്ങളിൽ വാടകബോട്ടും തോണിയും ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നുണ്ട്.

ട്രോളിംഗ് നിരോധനം ബാധകമാകുന്ന മത്സ്യബന്ധനയാനങ്ങൾ

99 [1078] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ കെ. അച്ചുതൻ:
„ എം. പി. ഗംഗാധരൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ലൂഡി ലൂയീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത് പരമ്പരാഗത തൊഴിലാളികളുടെ സമരത്തിന്റെ ഫലമായിട്ടായിരുന്നോ എന്നറിയിക്കാമോ;

(ബി) ട്രോളിംഗ് നിരോധനക്കാലത്ത് വലിയ ഇൻബോർഡ് വള്ളങ്ങളിൽ മത്സ്യബന്ധനം നടത്താറുണ്ടോ;

(സി) ഈ വർഷം ട്രോളിംഗ് നിരോധനം ആരംഭിച്ചശേഷം ഇത്തരം വള്ളങ്ങൾ മത്സ്യബന്ധനത്തിന് പോകുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് പോകുന്നത്;

(ഇ) ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എതിർത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ട്രോളിംഗ് നിരോധനമെന്നതിൽ മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധന നിരോധനം മാത്രമാണോ ഉദ്ദേശിക്കുന്നത്;

(ജി) കപ്പലുകൾക്ക് തുല്യമായി വലിയ ഇൻബോർഡ് വള്ളങ്ങളിൽ ട്രോളിംഗ് നിരോധനകാലത്ത് നടത്തുന്ന മത്സ്യബന്ധനം ട്രോളിംഗ് നിരോധനത്തിന് സഹായക മാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) എല്ലാ തീരദേശജില്ലകളിലേയും പ്രമുഖ മത്സ്യബന്ധന കേന്ദ്രങ്ങളിൽ നിന്ന് പോകുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കേരളത്തിന്റെ തീരപരിധിയിൽ ബോട്ടം ട്രോളിംഗ് നിരോധിച്ചു കൊണ്ടാണ് ഉത്തരവ്. ബോട്ടും കപ്പലും ഉൾപ്പെടെ ബോട്ടം ട്രോളിംഗ് നടത്തുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും നിരോധനത്തിന്റെ പരിധിയിൽ വരും.

(ജി) നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ട്രോളിംഗ് നിരോധനത്തിന് സഹായകരമല്ല.

വല ഉപയോഗിച്ചുള്ള മത്സ്യബന്ധന നിരോധനം

100 [1079] ശ്രീ. അടൂർ പ്രകാശ്:
" സി. പി. മുഹമ്മദ്:
" കെ. മുഹമ്മദാലി:
" എം. എ. ചന്ദ്രശേഖരൻ:
" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വിധത്തിലുള്ള വല ഉപയോഗിച്ച് കടലിൽ മത്സ്യ ബന്ധനം നടത്തുന്നതിനെ സുപ്രീം കോടതി നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതുവിധത്തിലുള്ള വലകൾ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം വലകൾ ഉപയോഗിച്ച് കുറ്റൻ വള്ളങ്ങളിൽ ട്രോളിംഗ് സമയത്ത് കടലിൽ മത്സ്യബന്ധനം നടത്താറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly